**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2892 18.06.2019-ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ എടപ്പറമ്പ കോളിച്ചാൽ ഹിൽഹൈവേ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ എടപ്പറമ്പ കോളിച്ചാൽ ഹിൽഹൈവേ റീച്ചിൽ എത്ര കിലോമീറ്റർ ഫോറസ്റ്റ് റോഡുണ്ട് എന്നറിയിക്കാമോ; | (എ) | 3.610 കി.മീ.ഫോറസ്റ്റ് റോഡുണ്ട്. |
| (ബി) | പന്ത്രണ്ട മീറ്റർ വീതിയിൽ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് വനം വകുപ്പിന്റെ അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രൊപ്പോസൽ പ്രകാരം എത്ര ഏക്കർ വനഭൂമിയാണ് വേണ്ടി വരുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ; | (സി) | പ്രോപ്പോസൽ പ്രകാരം 4.332 ഹെക്ടർ വനഭൂമിയാണ് ആവശ്യമായി വരുന്നത്. പള്ളഞ്ചി മുതൽ പള്ളത്തുംപാറ വരെയുള്ള 3020 മീറ്റർ ഭാഗത്ത് 12 മീറ്റർ വീതിയിൽ വികസിപ്പിക്കുവാൻ 3.6240 ഹെക്ടർ വനഭൂമിയും, പാണ്ടി അമ്പലം മുതൽ എവന്തൂർ വരെയുള്ള 590 മീറ്റർ വികസിപ്പിക്കുവാൻ 0.7080 വനഭൂമിയും ആവശ്യമായി വരും. |
| (ഡി) | ഒരു ഹെക്ടറിൽ കൂടുതൽ ഭൂമി ആവശ്യമായി വരുന്ന ഘട്ടത്തിൽ ആയതിന് പകരം ഭൂമി കണ്ടെത്തി വനം വകുപ്പിന് നൽകണമെന്ന വ്യവസ്ഥ റോഡ് പ്രവൃത്തിക്ക് അനുമതി ലഭിക്കാൻ കാലതാമസം വരുത്തുമെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | എങ്കിൽ ഉന്നത തലത്തിൽ വനം വകുപ്പുമായി കൂടിയാലോചിച്ച് റോഡ്, വനം വകുപ്പിന്റെ അസറ്റായി നിലനിർത്തി വീതി കൂട്ടാൻ മാത്രമുള്ള സ്ഥലം ആവശ്യപ്പെടുന്ന തരത്തിൽ പ്രൊപ്പോസൽ മാറ്റി നൽകി ആവശ്യമായ ഭൂമിയുടെ അളവ് ഒരു ഹെക്ടറിൽ താഴെ ആക്കുവാനും ആയതിന് സംസ്ഥാന വനം വകുപ്പിന് തന്നെ അനുമതി നൽകുവാൻ പറ്റുന്ന സാഹചര്യം ഉണ്ടാക്കാനും സാധിക്കുമെന്ന വിഷയം പരിശോധനക്ക് വിധേയമാക്കാമോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഇ) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ